പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4048 16.12.2014-ൽ മറുപടിയ്ക്ക്

# ഊർജ്ജ സംരക്ഷണത്തിന് നൂതന പരിപാടികൾ

ചോദ്യം

ശ്രീ. പി. തിലോത്തമൻ :

വൈദ്യുതിയുടെ ഉത്പാദന - വിതരണ മേഖലകളിലൂടെ ചെലവു ചുരുക്കുന്നതിനും വൈദ്യുതി ലാഭിക്കുന്നതിനും പുതിയ കണ്ടെത്തലുകളുമായി കടന്നുവരുന്ന പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ കണ്ടെത്തലുകളെ പ്രയോജനപ്പെടുത്തുന്നതിനും ഊർജ്ജ വകുപ്പ് പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

വൈദ്യുതിയുടെ ഉത്പാദന വിതരണ മേഖലകളിലൂടെ ചെലവു ചുരുക്കുന്നതിനും വൈദ്യുതി ലാഭിക്കുന്നതിനും നൂതന ആശയങ്ങളുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കളമശ്ശേരിയിലെ സ്റ്റാർട്ടപ്പ് വില്ലേജിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഒരു ഇലക്ട്രിക്കൽ ഓപ്പൺ ഇന്നവേഷൻ സോൺ (E.O.I.Z) സ്ഥാപിച്ചിട്ടുണ്ട്. E.O.I.Z ന്റെ പ്രവർത്തനച്ചെലവുകൾ സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡാണ് വഹിക്കുന്നത്. വൈദ്യുതി മേഖലയിൽ നൂതന ആശയങ്ങളുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രതിഭകൾക്ക് അവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് E.O.I.Z ൽ സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ.